**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2960** **10-03-2025 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ പദ്ധതിയിൽ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ പദ്ധതിയിൽ കരാറുകാർക്ക് നിലവിൽ നൽകാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) | ജൽജീവൻ പദ്ധതിയിൽ കരാറുകാർക്ക് നിലവിൽ നൽകാനുള്ള കുടിശ്ശിക തുക ഇനം തിരിച്ച് സൂക്ഷിച്ചിട്ടില്ല. നിലവിൽ കരാറുകാർക്ക് നല്കുവാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (പട്ടിക 1 കാണുക)<br>4371.32 കോടി രൂപയുടെ കുടിശ്ശിക നല്കുവാനുണ്ട്. |
| (ബി) | 2028-വരെ പദ്ധതിയുടെ കാലാവധി നീട്ടിയ സാഹചര്യത്തിൽ പ്രസ്തുത കാലയളവിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിന് സംസ്ഥാന വിഹിതമായി എത്ര തുകയാണ് കണ്ടെത്തേണ്ടതെന്നും പ്രസ്തുത തുക ഏത് രീതിയിൽ കണ്ടെത്തുവാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ. പദ്ധതി 2028 വരെ കാലാവധി നീട്ടിയ സാഹചര്യത്തിൽ പദ്ധതി പൂർത്തീകരണത്തിനായിട്ട് ആവശ്യമായ കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ ചുവടെ ചേർക്കുന്നു. (പട്ടിക 2 കാണുക) |

പട്ടിക 1:

| Year & Month | തുക |
|---|---|
| 2024 ജനുവരി | 87,78,58,567.00 |
| 2024 ഫെബ്രുവരി | 4,50,29,90,788.00 |
| 2024 മാർച്ച് | 4,33,75,78,033.00 |
| 2024 ഏപ്രിൽ | 3,38,55,14,579.00 |
| 2024 മെയ് | 3,46,44,15,326.00 |
| 2024 ജൂൺ | 3,74,20,02,574.88 |
| 2024 ജൂലൈ | 3,58,58,67,301.00 |
| 2024 ആഗസ്റ്റ് | 2,80,08,18,746.00 |
| 2024 സെപ്റ്റംബർ | 2,84,69,71,907.00 |
| 2024 ഒക്ടോബർ | 3,62,54,91,417.00 |
| 2024 നവംബർ | 3,61,49,03,736.00 |
| 2024 ഡിസംബർ | 3,44,56,83,101.00 |
| 2025 ജനുവരി | 3,48,31,47,785.00 |
| ആകെ | 43,71,32,43,860.88 |

പട്ടിക 2:

| Particulars | 2025-26 | 2026-27 | 2027-28 | 2028-2029 (Till December 2028) | Total |
|---|---|---|---|---|---|
| Central Share | 5,750.00 | 4,500.00 | 4,500.00 | 2,250.00 | 17,000.00 |
| State Share | 5,750.00 | 4,500.00 | 4,500.00 | 2,250.00 | 17,000.00 |
| | 11,500.00 | 9,000.00 | 9,000.00 | 4,500.00 | 34,000.00 |

| | | | |
|---|---|---|---|
| | | | ജലജീവൻ മിഷന്റെ തത്തുല്യമായ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനായിട്ടുള്ള വിവിധ പ്രൊപ്പോസലുകൾ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ചിരുന്നു. നിലവിൽ HUDCO, NABARD, LIC എന്നീ സ്ഥാപനങ്ങളിൽ നിന്നും ജൽ ജീവൻ മിഷൻ ഫണ്ടിനായി 12,000 കോടി രൂപ കടമെടുക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (സി) | ജൽജീവൻ പദ്ധതിക്കായി നടപ്പ് വർഷത്തെ ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും എത്ര തുകയാണ് അനുവദിച്ചതെന്നും ഇതിൽ എത്ര തുകയാണ് ചെലവഴിച്ചതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് ഇനത്തിൽ പ്രസ്തുത പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | 2024-25 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ ബജറ്റ് വിഹിതമായി 1949.36 കോടിയും സംസ്ഥാന സർക്കാർ ബജറ്റ് വിഹിതമായി 550 കോടിയും വകയിരുത്തി. പ്രസ്തുത പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതം പിന്നീട് 951.93 കോടി രൂപ ആയി വർദ്ധിപ്പിക്കുകയും ചെയ്തു. ഈ പദ്ധതിയിൽ 2024-25സാമ്പത്തിക വർഷത്തിൽ ആദ്യ ഗഡു ആയിട്ട് കേന്ദ്ര സർക്കാരിൽ നിന്ന് 974.67കോടി രൂപയും സംസ്ഥാന സർക്കാരിൽ നിന്ന് 951.93 കോടി രൂപയും നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 989.16 കോടി രൂപ കേന്ദ്ര വിഹിതമായും 989.16 കോടി രൂപ സംസ്ഥാന വിഹിതമായും ചെലവഴിച്ചിട്ടുണ്ട്.<br><br>2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് ഇനത്തിൽ പ്രസ്തുത പദ്ധതിക്കായി 560 കോടി സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ